# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6077** **07.11.2016 ൽ മറുപടിയ്ക്ക്**

## കൃഷി വകുപ്പ് മുഖേന ഗ്രീൻ ഹൗസ് നിർമ്മാണം

ചോദ്യം

**ശ്രീ.പി.ടി.എ.റഹീം**

കൃഷി വകുപ്പ് മുഖേന ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

കൃഷി വകുപ്പ് മുഖേന 75% ധനസഹായത്തോടുകൂടി പോളീഹൗസുകൾ സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിൽ ഉണ്ട്.

2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് കൃഷി പദ്ധതി പ്രകാരം 400 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവായ ച.മീറ്ററിന് 935 രൂപയുടെ 75% തുകയായ 701.25 രൂപ കർഷകർക്ക് ധനസഹായമായി നൽകുന്നു. ഇതിൽ 50% ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി വിഹിതവും 25% സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം സമതല പ്രദേശങ്ങളിലും ഇടുക്കി, വയനാട് ജില്ലകൾ ഉൾപ്പെടുന്ന മലയോര പ്രദേശങ്ങളിലും വ്യത്യസ്ഥമായ നിരക്കുകളിൽ ധനസഹായം അനുവദിച്ചു വരുന്നു. സമതല പ്രദേശങ്ങളിൽ 400-500ച.മീ, 501-1008ച.മീ, 1009-2080ച.മീ, 2081-4000ച.മീ എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1060രൂപ, 935രൂപ, 890രൂപ, 844രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75% ധനസഹായം നൽകി വരുന്നു. കൂടാതെ മലയോര പ്രദേശങ്ങളിൽ 400-500ച.മീ, 501-1008ച.മീ, 1009-2080ച.മീ 2081-4000ച.മീ എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1219രൂപ, 1075.25രൂപ, 1023.50രൂപ, 970രൂപ എന്ന നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75% ധനസഹായം നൽകി വരുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**